# <u>ട്രാഫിക് ബോധവൽക്കരണ ക്യാമ്പയിൻ</u>

70-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസിൻെറ നേതൃത്വത്തിൽ 15.08.2016 തീയ്യതി രാവിലെ 10.30 മണി മുതൽ 12.30 മണിവരെ റോഡ് സേഫ്റ്റി ട്രാഫിക് ബോധവൽക്കരണ ക്യാമ്പയിൻ നടത്തി.

ദേശീയ പാത 47- യിലെ എറണാകുളം റൂറൽ ജില്ലയുടെ അതിർത്തിയായ കറുകുറ്റി മുതൽ മുട്ടം വരെ 26 കിലോമീറ്ററോളം ദേശീയപാതയിൽ ഇരുവശത്തും പോലീസിനെ വിന്യസിച്ചുകൊണ്ടാണ് 2 മണിക്കൂറോളം സമയം ക്യാമ്പയിൻ നടത്തിയത്.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.എൻ. ഉണ്ണിരാജൻ ഐ.പി.എസ് ക്യാമ്പയിന് നേതൃത്വം നൽകി. 2 ഡിവൈഎസ്പിമാർ, 4 സിഐ ഉൾപ്പടെ 250 ഓളം പോലീസ് ഉദ്യോഗസ്ഥർ ക്യാമ്പയിനിൽ അണിനിരന്നു.

രാവിലെ 9 മണിക്ക് ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.എൻ. ഉണ്ണിരാജൻ ഐ.പി.എസ് സല്യൂട്ട് സ്വീകരിച്ച് ദേശീയ പതാക ഉയർത്തി. അതിന് ശേഷമായിരുന്നു ട്രാഫിക് ബോധവൽക്കരണ ക്യാമ്പയിൻ നടത്തിയത്.

പൊതുജനങ്ങൾക്കും മറ്റും റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും അതുവഴി റോഡപകടങ്ങൾ കുറക്കുകയുമാണ് ട്രാഫിക് ബോധവൽക്കരണ ക്യാമ്പയിനിൻെറ പ്രധാന ലക്ഷ്യം.

ഡ്രൈവർമാർക്കും ബൈക്ക് റൈഡർമാർക്കും കാൽനടക്കാർക്കുമുള്ള ലഘുലേഖകളുടേയും സന്ദേശങ്ങളുടേയും വിതരണവും നടത്തി. എറണാകുളം റൂറൽ ജില്ലയിൽ ആദ്യമായാണ് ഇത്തരം വിപുലമായൊരു ട്രാഫിക് ക്യാമ്പയിൻ നടത്തുന്നത്.

ക്യാമ്പയിൻ വൻവിജയമായിരുന്നെന്നും ഇത്തരം ബോധവൽക്കരണ പരിപാടികൾ എറണാകുളം റൂറൽ ജില്ലയിൽ തുടർന്നും നടത്തുമെന്നും ബഹു: ജില്ലാ പോലീസ് മേധാവി ശ്രീ. പി.എൻ. ഉണ്ണിരാജൻ ഐ.പി.എസ് അറിയിച്ചു